**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1877** **29-09-2025 - ൽ മറുപടിയ്ക്ക്**

**ആശ്വാസ കിരണം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന ആശ്വാസ കിരണം പദ്ധതി പ്രകാരമുള്ള പെൻഷൻ പദ്ധതിയുടെ വിശദാംശങ്ങളും ആയത് ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങളും വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന ആശ്വാസകിരണം പദ്ധതി പ്രകാരമുള്ള പെൻഷൻ പദ്ധതിയുടെ വിശദാംശങ്ങളും ആയത് ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങളും **അനുബന്ധമായി** ചേർക്കുന്നു. |
| (ബി) | നിലവിൽ പെൻഷൻ കുടിശിക ആയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കാലത്തെ കുടിശികയുണ്ടെന്ന് വിശദമാക്കാമോ; | (ബി) | ഫണ്ടിന്റെ ലഭ്യതയനുസരിച്ച് 2018 മാർച്ച് 31 വരെ ലഭിച്ച അപേക്ഷകരിൽ നിന്നും യഥാസമയം ലൈഫ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നവർക്ക് എല്ലാ വർഷവും ധനസഹായം അനുവദിച്ചുവരുന്നു. ആശ്വാസകിരണം പദ്ധതിയുടെ നടത്തിപ്പിനായി 2025-26 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായി അമ്പത് കോടി രൂപ വകയിരുത്തിയിട്ടുണ്ട്.ഇതിൽ ആദ്യ ഗഡുവായി ലഭിച്ച പതിനേഴ കോടി അമ്പതു ലക്ഷം രൂപ വിനിയോഗിച്ച് ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച നിലവിലുള്ള എല്ലാ ഗുണഭോക്താക്കൾക്കും **2025 അഗസ്റ്റ് മാസം** വരെയുമുള്ള ധനസഹായം അനുവദിച്ചിട്ടുണ്ട്.<br><br>2018 മാർച്ച് 31 ന ശേഷം അപേക്ഷ സമർപ്പിച്ചവരിൽ അർഹരായവരെ കൂടി പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം നല്കുന്ന വിഷയം പരിശോധിച്ച വരുന്നു. |
| (സി) | 2018-ന് ശേഷം പ്രസ്തുത പദ്ധതിയിൽ പുതുതായി ചേർന്നവർക്ക് പെൻഷൻ ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | ഫണ്ടിന്റെ ലഭ്യതയനുസരിച്ച് 2018 മാർച്ച് 31 വരെ ലഭിച്ച അപേക്ഷകരിൽ നിന്നും യഥാസമയം ലൈഫ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നവർക്ക് എല്ലാ വർഷവും ധനസഹായം അനുവദിച്ചുവരുന്നു. ആശ്വാസകിരണം പദ്ധതിയുടെ നടത്തിപ്പിനായി 2025-26 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായി അമ്പത് കോടി രൂപ വകയിരുത്തിയിട്ടുണ്ട്.ഇതിൽ ആദ്യ ഗഡുവായി ലഭിച്ച പതിനേഴ കോടി അമ്പതു ലക്ഷം രൂപ വിനിയോഗിച്ച് ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച നിലവിലുള്ള എല്ലാ ഗുണഭോക്താക്കൾക്കും **2025 അഗസ്റ്റ് മാസം** വരെയുമുള്ള ധനസഹായം അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 2018 മാർച്ച് 31 ന്ന ശേഷം അപേക്ഷ സമർപ്പിച്ചവരിൽ അർഹരായവരെ കൂടി പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം നല്കുന്ന വിഷയം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം</u>

## <u>ആശ്വാസകിരണം പദ്ധതി</u>

തീവ്രമായ ശാരീരിക/മാനസിക ബൗദ്ധിക വെല്ലുവിളി നേരിടുന്നവരെയും, 100% അന്ധത ബാധിച്ചവരെയും, ഓട്ടിസം, സെറിബ്രൽ പാൾസി എന്നീ രോഗങ്ങൾ ബാധിച്ചവരെയും പ്രായാധിക്യം കൊണ്ടും ക്യാൻസർ മുതലായ പലവിധരോഗങ്ങളാലും കിടപ്പിലാവുകയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമാവുകയും ചെയ്യുന്ന അവസ്ഥയിലുള്ള ആളുകളെയും അവരുടെ പരിചാരകരെയും ഉൾപ്പെടുത്തി, പരിചരിക്കുന്ന ഒരാൾക്ക് പ്രതിമാസം 600/- രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് ആശ്വാസകിരണം.

11.10.2012 ലെ സ.ഉ(എം.എസ്) നം. 60/2012/സാക്ഷേവ പ്രകാരം ആശ്വാസകിരണം പദ്ധതിയുടെ മാനദണ്ഡം ലഘൂകരിക്കുകയും പ്രായാധിക്യം കൊണ്ടും ക്യാൻസർ മുതലായ പലവിധ ഗുരുതരമായ രോഗങ്ങളാലും കിടപ്പിലായവരെയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമാവുകയും ചെയ്യുന്ന അവസ്ഥയിലുള്ള മുഴുവൻ ആളുകളുടെ പരിചാരകരെയും കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തികൊണ്ട് ഉത്തരവായിട്ടുണ്ട്. അർഹരായ ഗുണഭോക്താക്കൾക്ക് മാത്രമാണ് ധനസഹായം അനുവദിക്കുന്നതെന്ന് ഉറപ്പുവരുത്തുന്നതിനായി ഗുണഭോക്താക്കളുടെ ആധാർ, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ശേഖരിച്ച് എല്ലാ വർഷവും ഏപ്രിൽ മെയ് മാസങ്ങളിൽ ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്നവർക്ക് മാത്രമാണ് ധനസഹായം അനുവദിക്കുന്നത്.

ടി പദ്ധതിയുടെ മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

**<u>മാനദണ്ഡങ്ങൾ :</u>**

- കുടുംബ വാർഷിക വരുമാനം മുനിസിപ്പൽ/ കോർപ്പറേഷൻ പ്രദേശങ്ങളിൽ 22,375/- രൂപയും, പഞ്ചായത്തുകളിൽ 20,000/- രൂപയും വരെ.
- മാനസികരോഗികൾ, ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം ഇവ ബാധിച്ചവരുടെ കാര്യത്തിൽ വരുമാന പരിധി ബാധകമല്ല.
- വരുമാനം തെളിയിക്കുന്ന അറ്റസ്റ്റ് ചെയ്ത ബി.പി.എൽ റേഷൻകാർഡ്/ വില്ലേജാഫീസിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ് രോഗിയുടെ പേരിൽ ഹാജരാക്കണം.
- അപേക്ഷയോടൊപ്പമുള്ള നിർദ്ദിഷ്ട മാതൃകയിൽ സർക്കാർ ഡോക്ടർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ്.
- വിധവ, വാർദ്ധക്യ, കർഷകത്തൊഴിലാളി, മറ്റു ക്ഷേമപെൻഷനുകൾ ലഭിക്കുന്നവർക്കും ആശ്വാസകിരണം ആനുകൂല്യം ലഭ്യമാകുന്നതാണ്.

അപേക്ഷകൾ വനിത-ശിശു വികസന വകുപ്പിലെ സി ഡി പി ഒ, സൂപ്പർ വൈസർമാർ, അംഗനവാടി വർക്കർമാർ എന്നിവരിൽ നിന്നും, സാമൂഹ്യ സുരക്ഷാമിഷന്റെ വെബ്സൈറ്റ്/ഓഫീസിൽ നിന്നും ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷകൾ സമീപമുള്ള അംഗൻവാടികളിലോ/ശിശുവികസന ഓഫീസിലോ നൽകാവുന്നതാണ്.